# ജനകീയസ്ഥാനാർത്ഥികളെ പരിചയപ്പെടാം

## കുഞ്ഞൻ പുലയൻ

എന്തുകൊണ്ട് കുഞ്ഞൻ പുലയൻ?

തെരഞ്ഞെടുപ്പുകൾ മഹോത്സവങ്ങളായി കൊണ്ടാടപ്പെടുമ്പോൾ ജനങ്ങളുടെ നിലനില്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള ഒരിടം പോലും അതിൽ ലഭിക്കാതെ പോകുന്നു.

കുടിവെള്ളശോഷണത്തിനെതിരെ, നെൽവയൽ സംരക്ഷണത്തിനുവേണ്ടി, ഡാം നിർമ്മാണത്തിനെതിരെ, വ്യവസായസ്ഥാപനങ്ങളാലും നഗരമാലിന്യങ്ങളാലും ഉണ്ടാകുന്ന മലിനീകരണത്തിനെതിരെ വൻവികസപദ്ധതികൾക്കായി കുടിയിറങ്ങേണ്ടിവന്നവരുടെ, NH റോഡുകൾ സ്വകാര്യമേഖലകളിൽ തങ്ങളുടെ നിലനില്പിനുവേണ്ടിയുള്ള സമരം നടന്നുകൊണ്ടിരിക്കുന്നു. മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവഗണിക്കുകയും, തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഈ സമരങ്ങളുടെ ഒരു ശബ്ദം ഈ വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കേൾപ്പിക്കാൻ ശ്രമിക്കുകയാണ്. സമരങ്ങളുടെ കൂട്ടായ്മയായ പൗരമുന്നേറ്റമാണ് മുരിയാട് നെൽവയൽ സംരക്ഷണസമരപോരാളിയായ 'കുഞ്ഞൻ പുലയനെ' മത്സരിപ്പിക്കുന്നത്. ഭൂമി സ്വന്തമായില്ലെങ്കിലും പണിയെടുക്കുന്ന പാടങ്ങൾ നശിക്കുന്നത് നോക്കിയിരിക്കാൻ കഴിയാതെ അവ സംരക്ഷിക്കുന്നതിന് വേണ്ടി സമരരംഗത്തിറങ്ങിയവരിൽ ഒരാളാണ് കുഞ്ഞൻ പുലയൻ. തങ്ങളുടെ അദ്ധ്വാനത്തിലൂടെ കാലാകാലങ്ങളായി സമൂഹത്തെ ഊട്ടിയിട്ടും ഭൂരഹിതനായി കഴിയേണ്ടിവരുന്നവരുടെ പ്രതിനിധി കൂടിയാണ് കുഞ്ഞൻ പുലയൻ.

ജീവനോപാധികളും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനുവേണ്ടി നടത്തുന്ന സമരപ്രവർത്തനത്തിന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉണർവ്വിന്റെയും ഭാഗമാണ് കുഞ്ഞൻ പുലയന്റെ സ്ഥാനാർത്ഥിത്വമെന്ന് പൗരമുന്നേറ്റം കരുതുന്നു.

## മേരി ഫ്രാൻസിസ് മൂലമ്പിള്ളി

പാവപ്പെട്ടവന്റെ നിലനിൽപ് അപകടത്തിലായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വികസനം എന്നത് ഭരണപ്രതിപക്ഷഭേദമെന്യേ എല്ലാവരുടേയും പല്ലവിയാകുമ്പോൾ ഇതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുന്നത് അർദ്ധപ്പട്ടിണിക്കാരായ സാധാരണക്കാരാണ്. കൊട്ടിഘോഷിക്കപ്പെടുന്ന വികസനത്തിന്റെയും വമ്പൻ പദ്ധതികളുടേയും ഗുണം വൻകിട കുത്തകകൾക്കും വിദേശക്കമ്പനികൾക്കും ലഭിക്കുമ്പോൾ ആയിരക്കണക്കിന് മനുഷ്യൻ നിത്യേനതെരുവിലേയ്ക്കെറിയപ്പെട്ടു കൊണ്ടിരിക്കുന്നു.

സർക്കാരുകളുടെ വികലമായ വികസനനയത്തിന്റെ ഏറ്റവും ഉത്തമമായ ഉദാഹരണമാണ് മൂലമ്പിള്ളിയുടേത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി മൂലമ്പിള്ളിയിലെ നിരാലംബരായ 22 കുടുംബങ്ങളെയാണ് "ഇടതു' സർക്കാർ നിർദ്ദയം കുടിയൊഴിപ്പിച്ചത്. പൊന്നുംവിലയെന്ന നക്കാപ്പിച്ച പോലും നല്കി തെരുവിലേയ്ക്കറിയപ്പെട്ട ജനങ്ങളെ സഹായിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടികളൊന്നുമുണ്ടായിരുന്നില്ല. കോ ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് മേനകയിലെ സമരപ്പന്തലിൽ വെയിലും മഴയുമേറ്റ് 45 ദിവസം സമരം ചെയ്ത ഞങ്ങളെ സഹായിക്കാൻ പക്ഷെ ഇന്ത്യയെമ്പാടുമുള്ള സുമനസ്സുകൾ മുന്നോട്ടുവന്നു. കുടിയൊഴിപ്പിക്കലിനെതിരെ മൂലമ്പിള്ളിയിൽ ജ്വലിച്ച പ്രതിഷേധാഗ്നി രാജ്യമെമ്പാടും ആളിപ്പടരുക തന്നെ ചെയ്തു. കേരള മനസ്സാക്ഷിയുടെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായി അന്നുവരെ പരിഗണിക്കുക പോലും ചെയ്തിരുന്ന "പുനരധിവാസം പാക്കേജ്" പ്രഖ്യാപിക്കാൻ സർക്കാർ നിർബന്ധിതരായി. ഇത് സമരത്തിന്റെ ആദ്യവിജയഘട്ടം. പക്ഷേ പാക്കേജനുസരിച്ച് പുനരധിവാസ ഭൂമി ലഭിക്കുമെന്ന ഞങ്ങളുടെ പ്രതീക്ഷകൾ രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥ അധികാര വൃന്ദത്തിന്റെയും പക മൂലം കരിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. സർക്കാരുത്തരവും കോടതിവിധിയും നടപ്പാക്കിയെടുക്കാനായി ഞങ്ങൾ ഇപ്പോഴും സമരം തുടരുകയാണ്. ഇത് ഞങ്ങളുടെ മാത്രം ദുർവിധിയല്ല എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ആഗോളവത്കരണ നയങ്ങളുടെ ഭാഗമായി പ്രത്യേക സാമ്പത്തിക മേഖലകൾക്കായി (SEZ) ഇന്ത്യയെമ്പാടും സമാനമായ കുടിയൊഴിപ്പിക്കൽ നടന്നുകൊണ്ടിരിക്കുകയാണ്. നന്ദീഗ്രാമിലും സിംഗൂരിലും സംഭവിച്ചത് നമ്മൾ കണ്ടതാണ്. ഏറ്റവുമൊടുവിൽ ദേശീയപാത 17 നായി ഇടപ്പിള്ളി മുതൽ മൂത്തുകന്നം വരെയുള്ള പ്രദേശങ്ങളിൽ നിന്ന് ആയിരക്കണക്കിനു കുടുംബങ്ങളെ കുടിയൊഴിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഒരു തവണ കുടിയൊഴിപ്പിക്കപ്പെട്ടവരെയാണ് വീണ്ടും കുടിയൊഴിപ്പിക്കുന്നതെന്നാണ് ഏറെ ഖേദകരം. നിലവിൽ വിട്ടു കൊടുത്ത 30 മീറ്ററിൽ 6 വരിപ്പാത നിർമ്മിക്കാമെന്നിരിക്കെ BOT അടിസ്ഥാനത്തിൽ റോഡ് സ്വകാര്യവൽക്കരിക്കാൻ വേണ്ടി മാത്രമല്ല മനുഷ്യത്വഹീനമായ ഈ കുടിയൊഴിപ്പിക്കൽ.

പേരണ്ടൂർ കനാൽ തീരത്തുനിന്നും കുടിയൊഴിപ്പിച്ച് ലിബ്ര ഹോട്ടലിൽ താമസിപ്പിച്ചിരുന്ന കുടുംബങ്ങളുടെ പുനരധിവാസകാര്യത്തിലും വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു നടപടിയ്ക്കും

കൊച്ചിൻ കോർപറേഷൻ തയ്യാറായിട്ടില്ല. ശബരി പാതയ്ക്കും മെട്രോ റെയിലിനും വേണ്ടിയുമുള്ള സ്ഥലമെടുപ്പുകളും നടക്കാനിരിക്കുന്നു. സ്മാർട്ട്സിറ്റിയ്ക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസ സ്ഥലത്ത് അടിസ്ഥാനസൗകര്യമേർപ്പെടുത്താൻ അധികൃതർ ഇനിയും തയ്യാറായിട്ടില്ലെന്നോർക്കണം.

ചുരുക്കത്തിൽ, വികസനത്തിന്റെ പേരിൽ എപ്പോൾ വേണമെങ്കിലും കുടിയൊഴിപ്പിക്കപ്പെടാവുന്ന അവസ്ഥയിലാണ് ജനങ്ങൾ. തെരഞ്ഞെടുപ്പിന്റെ പ്രചരണ കോലാഹലങ്ങളിൽ കുടിയൊഴിപ്പിക്കപ്പെടുന്നവന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണം. പൊതുആവശ്യമെന്ന പേരിൽ ആരെയും കുടിയൊഴിപ്പിക്കാമെന്ന ബ്രിട്ടീഷ് ഭരണകാലത്തെ കിരാതനിയമം ഇവിടെ ഇന്നും നിലനിൽക്കുന്നു. പുനരധിവാസമെന്നത് വെറും നയംമാത്രമായി തുടരുന്നു. പ്രയോഗത്തിലില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള ഭൂമിയേറ്റെടുക്കൽ നിയമം സമഗ്രമായി മാറ്റുകയെന്നത് ഇന്ന് അനിവാര്യമാണ്. ഭൂമിയും വീടും തൊഴിലും മറ്റു സൗകര്യങ്ങളും നൽകുന്ന ഒരു സമഗ്ര പുനരധിവാസം ഈ നിയമത്തിന്റെ ഭാഗമാക്കണം എന്നതാണ്. ഇതിനുവേണ്ടിയാണ് മൂലമ്പിള്ളിയിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പ്രതിനിധിയായി, ഇനിയും കുടിയൊഴിപ്പിക്കപ്പെടാനിരിക്കുന്നവരുടെ പ്രതിനിധിയായി, മൂലമ്പിള്ളിയിലെ ഭരണകൂട ഭീകരതയെക്കെതിരെ ശബ്ദിച്ച കേരള മനസാക്ഷിയുടെ പ്രതീക്ഷയായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിൽനിന്നുള്ള മേരിഫ്രാൻസിസ് എറണാകുളം മണ്ഡലത്തിൽ മത്സരിക്കുന്നത്. മത, ജാതി വർഗ്ഗീയതയ്ക്കും അധികാര വടംവലികൾക്കുമപ്പുറം പാവപ്പെട്ടവന്റെ നിലനിൽപ്പാണ് ഞങ്ങൾ ഈ തിരഞ്ഞെടുപ്പിൽ ഉയർത്തുന്ന വിഷയം. തെരുവിലേയ്ക്ക് വലിച്ചെറിയപ്പെട്ട അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും നിരാലംബരുടേയും കണ്ണീർ നിങ്ങളുടെ മുമ്പിലുണ്ടെങ്കിൽ മേരി ഫ്രാൻസിസ് മൂലമ്പിള്ളിയ്ക്ക് വോട്ടു ചെയ്യപ്പെടും.

## ജയ്മോൻ തങ്കച്ചൻ

പതിനഞ്ചാം ലോകസഭയിലേയ്ക്ക് നടക്കുന്ന പൊതുതെരഞ്ഞെടുപ്പ്, നിരാശജനകമായ ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ പുതിയ പ്രതീക്ഷകൾ കരുപിടിപ്പിക്കുന്നതിനുള്ള ഒരവസരമാണ്. മാറ്റത്തിനുള്ള പുതിയ ഒരു രാഷ്ട്രീയ ശക്തി വളർത്തിയെടുക്കുന്നതിന് തുടക്കം കുറിക്കുവാനാണ് സമാജവാദി ജനപരിഷത്ത് കോട്ടയം മണ്ഡലത്തിൽ അഡ്വ.ജയ്മോൻ തങ്കച്ചനെ സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്.

വിദേശത്തെയും നാട്ടിലെയും കുത്തക കമ്പനികളും മാഫിയകളും കണക്കിൽപെടാകതെ കോടിക്കണക്കിന് രൂപയുടെ കള്ളപ്പണമാണ് എല്ലാ ചേരികളിലുംപെട്ട വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളുടെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് ചെലവഴിച്ചുവരുന്നത്. അതിന്റെ പണക്കൊഴുപ്പിലാണ് ആർഭാടപൂർവം പ്രചാരണങ്ങൾ സംഘടിപ്പിക്കുവാൻ അക്കൂട്ടർക്ക് കഴിയുന്നതും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സംവിധആനം താഴെ മുതൽ എല്ലാ തലത്തിലും സംഘടിപ്പികത്കുന്നതും മദ്യവും പണവും നൽകി വോട്ടർമാരെ വശീകരിക്കുവാൻ ശ്രമം നടത്തുന്നതിനും കാരണം മറ്റൊന്നല്ല. കോർപ്പറേറ്റ് സ്ഥാപനങ്ങളും മാഫിയകളും വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികതളുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തന് ചെലവഴിക്കുന്ന വൻതോതിലുള്ള പണം അവരെ സംബന്ധിച്ചിടത്തോളം ഒരു മുതൽ മുടക്കാണ്. കേന്ദ്രത്തിലും സംസ്ഥാനത്തും മാറിമാറി അധികാരത്തിൽ വരുന്ന സർക്കാരുകളെല്ലാം ഇന്നത്തെ സാമ്പത്തിക, വികസനനയങ്ങൾ മാറ്റം വരുത്താതെ പിന്തുടരുന്നതിന്റെ പിന്നിലുള്ള കാരണവും അതാണ്.

1991 മുതൽ കോൺഗ്രസ് സർക്കാരും പിന്നീടുള്ള മൂന്നാം മുന്നണി, ബി.ജെ.പി സഖ്യ സർക്കാരുകളും പിന്തുടരുന്ന ആഗോളവൽക്കരണ സാമ്പത്തിക നയം ലക്ഷ്യക്കണക്കിന് കർഷകരുടെയും നെയ്ത്തുകാരുടെയും മറ്റും ആത്മഹത്യകൾക്കാണ് വഴിവെച്ചത്. തകർന്നടിഞ്ഞ കാർഷികമേഖലയും ഉല്പാദനമേഖലകളും പുനരുദ്ധരിക്കുവാൻ രാജ്യത്ത് നിന്നും സമ്പത്ത് വിദേശത്തേക്ക് ചോർത്തിയെടുക്കുന്ന ഇന്നത്തെ ആഗോളവൽക്കരണത്തിന് അറുതി വരുത്തണം. ആഗോളവൽക്കരണത്തിന്റെ അമേരിക്കയിലെയും യൂറോപ്പിലെയും നെടുങ്കോട്ടകൾ ഇക്കഴിഞ്ഞ നാളുകളിൽ രൂപംകൊണ്ട സാമ്പത്തിക മാന്ദ്യത്തിലും പ്രതിസന്ധിയിലും പെട്ട് തകർന്നടിഞ്ഞിരിക്കുകയാണ്. ഇനിയും ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ സമ്പത്ത് കൊള്ളയടിക്കുന്ന ചൂഷണം നിലനിൽക്കുകയാണെങ്കിൽ സമ്പന്ന രാജ്യങ്ങൾക്ക് തിരിച്ചുവരുവാൻ കഴിയും.

എന്നാൽ സമ്പന്ന രാജ്യങ്ങളുടെ അത്യാഢംബര ഉപഭോഗജീവിതം ഭൂമിയ്ക്ക് മേലുണ്ടാക്കുന്ന സമ്മർദ്ദങ്ങൾ കാലാവസ്ഥയിലും തൽഫലമായി ഭക്ഷ്യോല്പാദനത്തിലും മറ്റും ഗുരുതരമായ ഭവിഷ്യത്തുകളാണ് വരുത്തി വയ്ക്കുന്നത്. അതുകൊണ്ട് ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ പൂർണ്ണമായും നിരാകരിക്കുകയാണ് രാജ്യത്തെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കാതലായ നേട്ടമുണ്ടാക്കുന്നതിനുള്ള ഒരേ ഒരു മാർഗ്ഗം. സിപിഎം. സിപിഐ തുടങ്ങിയ കമ്യൂണിസ്റ്റ് കക്ഷികളും കോൺഗ്രസ്, ബിജെ.പി തുടങ്ങിയ കക്ഷികളെപ്പോലെ കോർപ്പറേറ്റുകളുടെ സേവകരായി അധ-പതിക്കുന്നതിന് കാരണം, അവയുടെ നേതൃത്വങ്ങൾ ലാവ്‌ലിൻ, നന്ദിഗ്രാം പോലുള്ള ഇടപാടുകളിൽ വിലയ്ക്കെടുക്കപ്പെട്ടവരായതുകൊണ്ട് മാത്രമല്ല, കഴിഞ്ഞ നൂറ്റാണ്ട് മുഴുവൻ വാഴ്ച നടത്തിയ മുതലാളിത്ത, കമ്യൂണിസ്റ്റ് ദർശനങ്ങൾ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയാത്തവയെന്ന് തെളിഞ്ഞിരിക്കുകയാണ്. ആശയപരമായ ശൂന്യത പിടികൂടിയതിന്റെയും പരിണിതഫലമാണത്.

ആഗോളവൽക്കരണത്തിന് പകരം വെയ്ക്കാൻ യാതൊന്നും വ്യവസ്ഥാപിത കക്ഷികൾക്കും അവയുടെ ആശയങ്ങൾക്കുമില്ല. മഹാത്മാഗാന്ധിയും ഡോ. ലോഹ്യയും ഡോ. അംബേ

ഡ്കറും ജയപ്രകാശ് നാരായണനും നൽകിയ മൗലിക സംഭാവനകളിൽനിന്നും പുതിയ ഒരു രാഷ്ട്രീയ ആഗോളവൽക്കരണത്തെ നേരിടുവാൻ സമാജവാദി ജനപരിഷത്ത് മുന്നോട്ട് വയ്ക്കുന്നു.

വർഗീയതയും വർഗീയ അക്രമങ്ങളും നടത്തി ഇന്ത്യയെ ചോരക്കളമാക്കുവാൻ ശ്രമിക്കുന്ന ബി.ജെ.പിയും ആർ.എസ്.എസ് ആശയക്കാരും ഇന്ത്യയെ തകർക്കുവാനാണ് ശ്രമിക്കുന്നത്. അതുപോലെ, വിദേശസഹായത്തോടെ ഭീകര പ്രവർത്തനങ്ങൾ ഒന്നൊന്നായി നടത്തുന്ന ഇസ്ലാമിക ഭീകരരും മനുഷ്യവംശത്തിനെതിരെയാണ് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. മാലേഗാവ് ബോംബ് സ്ഫോടനത്തിൽ ആർ.എസ്.എസ് ആശയഗതിക്കാർ ഉത്തരവാദികളാണെന്ന കണ്ടെത്തൽ വർഗീയ, ഭീകരപ്രവർത്തന ശക്തികളെല്ലാം ജനവിരുദ്ധരാണെന്ന് അടിവരയിട്ട് തെളിയിയ്ക്കുന്നു.

വർഗ്ഗീയ സ്വഭാവം വെടിഞ്ഞിട്ടില്ലാത്ത പി.ഡി.പി യുമായി മാറിമാറി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കുന്ന എൽ.ഡി എഫും യു.ഡി.എഫും രാജ്യതാൽപ്പര്യത്തേക്കാൾ സ്വാർത്ഥലക്ഷ്യങ്ങൾക്കായി ഏതു വിധേനയും അധികാരം പിടിക്കുന്നതിനാണ് പ്രാധാന്യം കൊടുക്കുന്നതെന്ന് തിരിച്ചറിയുവാൻ പ്രയാസമില്ല. വർഗീയതയ്ക്കെതിരെ, ജനങ്ങളുടെ നിത്യജീവിതത്തിലെ ദുരിതങ്ങൾ മാറ്റുന്നതിനുള്ള പരിപാടികൾ മുന്നോട്ട് വച്ച് വിശാലമായ ഒരു ദേശീയ മുന്നേറ്റമാണ് ഉണ്ടാകേണ്ടത്. ക്വിറ്റ് ഇന്ത്യാ സമരത്തിലൂടെയും മറ്റും ഉയർന്ന ദേശീയ ഉണർവ്വിന്റേയും മാറ്റത്തിന്റേയും പാരമ്പര്യത്തിൽ നിന്നുകൊണ്ട് ജനപരിഷത്ത് വർഗീയതയ്ക്കെതിരായ ജനമുന്നേറ്റമുണ്ടാക്കുവാനാണ് പ്രവർത്തിക്കുന്നത്.

സമൂഹത്തിൽ എന്നും ഏറ്റവും പിന്നിലായി തള്ളുന്ന ദലിത്, ആദിവാസി, പിന്നോക്ക ജനസമൂഹങ്ങളുടെ ഉയർത്തെഴുന്നേൽപ്പ് ഒരു യഥാർത്ഥ മാറ്റം സമൂഹത്തിലുണ്ടാകുവാൻ ആവശ്യമാണ്. വ്യവസ്ഥാപിത പാർട്ടികൾക്കൊന്നും അതിനുള്ള യാതൊരു പരിപാടികളും കാഴ്ച്ചപ്പാടുകളും ഇല്ല. ദലിത് പിന്നോക്ക പാർട്ടികളായി കടന്നുവന്ന കക്ഷികളും മറ്റു പാർട്ടികളെപ്പോലെ നേതാക്കൾക്ക് സമ്പത്ത് കുന്നുകൂട്ടുവാനും അധികാരം ആസ്വദിക്കുന്നതിനുമുള്ള ഏർപ്പാടുകളായി മാറിക്കഴിഞ്ഞു. സമ്പൂർണ്ണമായ മാറ്റത്തിന് വേണ്ടിയുള്ള ആശയാദർശങ്ങളും പരിപാടികളും മുന്നോട്ട് വച്ച് പ്രവർത്തിക്കുന്ന ഒരു പാർട്ടിക്കു മാത്രമേ ദലിത, ആദിവാസി പിന്നോക്കസമൂഹങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂ. ജാതിസംവരണം നിലനിർത്തിക്കൊണ്ട് സംവരണത്തെ സമഗ്രമായി പരിഷ്കരിക്കണം.

ക്രൈസ്തവ മുസ്ലീം മതങ്ങളിലെ ദലിതരെ പട്ടികജാതി സംവരണത്തിൽനിന്നും ചവിട്ടി പുറത്താക്കിയ ദലിത് വിരുദ്ധ നടപടി തിരുത്തണം. കേരളത്തിൽ ലക്ഷക്കണക്കിന് ദലിത് ക്രൈസ്തവർ ഉണ്ടെങ്കിലും സമുദായിക വികാരത്തിന് ഊന്നൽ നൽകുന്ന കേരള കോൺഗ്രസ്സും പാർലമെന്റ്, നിയമസഭാപ്രാതിനിധ്യം ദലിത ക്രൈസ്തവവർക്ക് നൽകിയിട്ടില്ല. അതുപോലെ പട്ടികജാതി, വർഗക്കാരെ സംവരണത്തിനൽനിന്ന് പുറത്താക്കുവാൻ കിർത്താഡ്സിനെയും മിശ്രവിവാഹ കാരണങ്ങളെയും ഉപയോഗിക്കുന്നതും അറുതിവരുത്തേണ്ടതുണ്ട്.

സ്ത്രീകൾക്കും സമൂഹത്തിൽ മുൻഗണനാപരമായ പങ്കാളിത്തം നൽകണം. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും ചൂഷണങ്ങളും വർദ്ധിക്കുന്ന സാമൂഹികാന്തരീക്ഷത്തിലും മാറ്റം വരുത്തണം. മനുഷ്യനന്മയെ ഉയർത്തിപ്പിടിക്കുന്ന നല്ലൊരു ജനകീയ സംസ്കാരം ഉണ്ടാക്കുവാനും പുതിയ ഒരു മുന്നേറ്റം ആവശ്യമാണ്.

സമ്പൂർണ്ണമായ മാറ്റത്തിനുള്ള, ജനകീയ ശക്തികളിൽനിന്ന് ഊർജ്ജം കൊള്ളുന്ന പുതിയ രാഷ്ട്രീയ സംസ്കാരവും സൃഷ്ടിച്ചെടുക്കുവാൻ പ്രവർത്തിക്കുന്ന സ്ഥാനാർത്ഥിയ്ക്ക് വോട്ടുനൽകി വിജയിപ്പിക്കണം. കോർപ്പറേറ്റ് സേവകനല്ലാത്ത, ജനങ്ങളുടെ സ്ഥാനാർത്ഥിയായ അഡ്വ: ജയ്മോൻ തങ്കച്ചന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ ജനങ്ങളിൽനിന്ന് സമാഹരിക്കുന്നതിന് ഓരോരുത്തരുടേയും അകമഴിഞ്ഞ സഹായങ്ങൾ ആവശ്യമാണ്.

## ബുദ്ധപൂർണ്ണിമ ആഘോഷം

**ക്ഷണക്കത്ത്**

ഈ വർഷത്തെ ബുദ്ധപൂർണ്ണിമ മെയ് 8,9,10 തിയ്യതികളിലായി തൃശൂരിലെ പൊന്നൂക്കരയിൽവച്ച് കേരളീയവും ഗ്രീൻ ഹൗസും ചേർന്ന് ആഘോഷിക്കുന്നു.

നിശ്ശബ്ദതയും മൗനവും ലാളിത്യവും പരിപാടിയുടെ പ്രത്യേകതയായിരിക്കും.

വൈശാഖപൗർണ്ണമിയിലെ നിലാവാസ്വദിച്ച്, സൗഹൃദം പങ്കിട്ട്, സയലൻസ് അറിഞ്ഞ്, ഗസലുകൾ കേട്ട്, ബുദ്ധകഥകൾ പറഞ്ഞ്, ചിത്രങ്ങൾ കണ്ട്, അഹിംസ സ്വീകരിച്ച് നിമിഷങ്ങളെ ധന്യമാക്കാൻ ക്ഷണിക്കുന്നു.

വിശദവിവരങ്ങൾക്ക്: ഭൂമിദേവി, മുംതാസ്-9633760903




കേരളീയം കൂട്ടായ്മ

താങ്കളുടെ സഹായം തേടുന്നു.
കൂട്ടായ്മ അംഗത്വം 10,000 രൂപ. ആജീവാനന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ. ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ 12 ലക്കം :
ഇന്ത്യയിൽ 240 രൂപ, സ്ഥാപനങ്ങൾക്ക് 500 രൂപ, വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ തുടങ്ങിയവ എത്തിക്കുക.

ബന്ധപ്പെടുക :കേരളീയം, കൊക്കാലെ, തൃശൂർ-21
Ph : 9446576943 robinkeraleeyam@gmail.com